പോലീസ് വകുപ്പ്

കേരളം

**No. E3-50487/2023/T**

ജില്ലാ പോലീസ് ഓഫീസ്,
തിരുവനന്തപുരം റൂറൽ
✉sptvmrl.pol@kerala.gov.in
☏04712302296
തീയതി. 17-02-2025

**പുനർലേല പരസ്യം**

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള വിതുര പോലീസ് സ്റ്റേഷൻ പരിസരത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മൂന്ന് ആഞ്ഞിലി മരങ്ങൾ 01.03.2025 തീയതി രാവിലെ 11.00 മണിക്ക് വിതുര പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| SL No. | Name of Trees | Girth (in cm) | Upset Value (in Rs.) | EMD ( in RS.) |
|---|---|---|---|---|
| 1 | Anjili | 295 | 78,780 | 7878 |
| 2 | Anjili | 165 | 18,973 | 1897 |
| 3 | Anjili | 175 | 22,633 | 2263 |
| | Total | | | 12,038/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം (12,038/- രൂപ) കെട്ടി വച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്.

ലേലം ഉറപ്പിച്ച് കിട്ടുന്നവർ ലേല തുകയുടെ പകുതി ലേല സമയത്ത് വച്ച തന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും ലേല തുകയുടെ 5% വന വികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% GST യും ഉൾപ്പെടെ ലേലം ഉറപ്പിച്ച കൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടയ്ക്കേണ്ടതാണ്. വനവികസന നികുതിയായ തുക 0406-01-101-96-00-FDT എന്ന ശീർഷകത്തിൽ കോഡ് 0101-250-020 ആയി ചെലാൻ മുഖാന്തിരം സർക്കാർ ഖജനാവിൽ ഒടുക്കി ഒറിജിനൽ രസീത് ഹാജരാക്കേണ്ടതുമാണ്. ടി രസീത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം ആഫീസിലേയ്ക്ക് അയച്ച നൽകുന്നതുമാണ്.

ലേലം സ്ഥിരപ്പെടുത്തി കൊണ്ടുള്ള അറിയിപ്പ് ലഭിച്ചാലുടൻ ലേലം കൊണ്ടയാൾ എത്രയും വേഗം മരങ്ങൾ സ്വന്തം ചിലവിൽ മുറിച്ച മാറ്റേണ്ടതും മറ്റ് മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ സംരക്ഷിക്കേണ്ടതും, അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച

നിരത ദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ലേലം നിശ്ചയിച്ചിരിക്കുന്ന മരങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ഇൻസ്പെക്ടർ എസ്.എച്ച്.ഓ. വിതുര-യുടെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ലേലം സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.യാതൊരു മുന്നറിയിപ്പും കൂടാതെ ലേല നടപടികൾ റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

സുദർശൻ കെ എസ് IPS
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : സൈബർ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് -ന് പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി അയയ്ക്കുന്നു.

പകർപ്പ് : 1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കമാണ്ടന്റുമാർക്കും ആവശ്യമായ പരസ്യം നല്കുന്നതിലേയ്ക്കായി അയയ്ക്കുന്നു. 2. തിരുവനന്തപുരം റൂറൽ ജില്ലാ പരിധിയിലെ എല്ലാ ഓഫീസർമാർക്കും വ്യാപക പരസ്യത്തിനായി അയയ്ക്കുന്നു